(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ലഭിച്ചിട്ടുണ്ട്.

കുറ്റിക്കോൽ പഞ്ചായത്തിന്റെ ആസ്ഥാനം മാറ്റുന്നതു സംബന്ധിച്ച ഹർജി

104 (3058) ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കുറ്റിക്കോൽ പഞ്ചായത്തിന്റെ ആസ്ഥാനം മാറ്റുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപനത്തിന് ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ച 860 പേരുമായുള്ള കൂടിക്കാഴ്ച കാസർഗോഡ് വച്ചുതന്നെ നടത്തണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ.-യും മേൽ പഞ്ചായത്തു പ്രസിഡന്റും സർക്കാരിന് ഹർജി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ മേൽ ഹർജിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടിക്കാഴ്ച കാസർഗോഡ് കളക്ടറേറ്റിൽ വച്ച് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വീഗാലാന്റിന്റെ വിനോദ നികുതി സംബന്ധിച്ച് സമർപ്പിച്ച പരാതി

105 (3059) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദ നികുതിയിൽനിന്നും ഒഴിവാക്കപ്പെട്ട അമ്യൂസ്മെന്റ് പാർക്കുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) വിനോദ നികുതി ഒഴിവാക്കിയ ഉത്തരവ് ഇറക്കിയശേഷം വീഗാലാന്റ് ഉൾപ്പെടെയുള്ള അമ്യൂസ്മെന്റ് പാർക്കുകൾ അമിതമായി ടിക്കറ്റ് നിരക്കുകൾ വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എറണാകുളം ജില്ലയിലെ കുന്നത്തുനാട് പഞ്ചായത്ത് പ്രസിഡന്റ് വീഗാലാന്റിന്റെ വിനോദനികുതി സംബന്ധിച്ച് സർക്കാരിന് സമർപ്പിച്ചിരുന്ന പരാതിയിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(ഡി) സാധാരണക്കാരൻ അടയ്ക്കേണ്ട നികുതികളിൽ കാലാകാലങ്ങളിൽ മാറ്റം വരുത്തുന്ന സർക്കാർ പഞ്ചായത്തുകളുടെ വികസന പ്രവർത്തനത്തിന് ലഭിക്കേണ്ട വിനോദ നികുതിയിൽ നിന്നും വൻകിട അമ്യൂസ്മെന്റ് പാർക്കുകളെ ഒഴിവാക്കുന്നതിന്റെ കാരണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിനോദനികുതിയിൽ നിന്നും അമ്യൂസ്മെന്റ് പാർക്കുകളെ ഒഴിവാക്കി ഉത്തരവായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly